Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

09.03.2026

# ജൂബിലിയിൽ അന്താരാഷ്ട്ര വനിതാദിനാഘോഷം :

## വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോളജി ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് നടത്തി

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഗൈനക്കോളജി വിഭാഗം സംഘടിപ്പിച്ച വനിതാദിനാഘോഷവും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായുള്ള സൗജന്യ ഗൈനക്കോളജിക്കൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പും ജൂബിലിയിൽ നടന്നു. പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഐ.പി.എസ്. നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബിന്ദു മേനോൻ സ്വാഗതം ആശംസിച്ചു. ഡോ. സറീന ഗിൽവാസ് അന്താരാഷ്ട്ര വനി താദിന സന്ദേശം നൽകി. സ്വാശ്രയ സ്പെഷൽ സ്കൂൾ ആന്റ് ചാരിറ്റെബിൾ ട്രസ്റ്റ് സ്ഥാപകയും ഡയറക്ടറുമായ ശാന്താ മേനോൻ, കല്യാൺ ഹൈപ്പർ മാർക്കറ്റ് എക്സി ക്യൂട്ടീവ് ഡയറക്ടർമാരായ വർധിനി പ്രകാശ്, മധുമതി മഹേഷ് എന്നിവർ സന്ദേശങ്ങൾ നൽകി. ഡോ. ഷിബു കള്ളിവളപ്പിൽ, ഫാ. ടെറിൻ മുള്ളക്കര, ഡോ. അശ്വത്ത് കുമാർ എന്നിവർ ആശംസകൾ നേർന്നു. ഡോ. ലോല രാമചന്ദ്രൻ നന്ദി രേഖപ്പെടുത്തി. തുടർന്ന് വനിതാപോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോളജി പരിശോധന, പാപ് സ്മിയർ ടെസ്റ്റ് അൾട്രാ സൗണ്ട് സ്കാൻ എന്നിവ ഉൾപ്പെടുന്ന കാൻസർ സ്ക്രീനിങ്ങ് ക്യാമ്പും സംഘടിപ്പിച്ചു.